PTL ENTERPRISES LIMITED

Website: www.ptlenterprise.com | E.mail: investors@ptlenterprise.com | CIN - L25111KL1959PLC009300

Dated: July 5th, 2019

The Secretary National Stock Exchange of India Ltd Exchange Plaza, Bandra-Kurla Complex, Bandra (E), Mumbai – 400051 Trading Symbol: PTL	The Secretary Bombay Stock Exchange Ltd PhirozeJeejeebhoy Towers, Dalal Street, Mumbai – 400001 Scrip Code : 509220

Sub: Intimation of publication of notice of 58th Annual General Meeting, Remote E-voting, Record date and Book closure information.

Dear Sir/ Madam,

Pursuant to Regulation 29 and Regulation 47 of the Securities and Exchange Board of India (Listing Obligations and Disclosure requirements) Regulations, 2015, please find enclosed herewith copy of notice published in the following newspaper:

- Business Standard (National Daily Newspaper) on 5th July, 2019
- Mangalam (Malayalam Daily Newspaper of the Kochi) on 5th July, 2019

This is for your information and records.

Thanking you
Yours truly,

Pradeep Kumar
(Company Secretary)

Encl: as above

PTL Enterprises Limited

Regd. Office: 3rd floor, Areekal Mansion, Near Manorama Junction, Panampilly Nagar, Kochi- 682036
CIN: L25111KL1959PLC009300, **Website:** www.ptlenterprise.com,
Email: investors@ptlenterprise.com; **Tel:** 0484-4012046, 4012047, **Fax:** (0484) - 4012048

NOTICE OF 58th ANNUAL GENERAL MEETING, REMOTE E-VOTING, RECORD DATE AND BOOK CLOSURE INFORMATION

The notice is hereby given that:

The 58th Annual General Meeting (AGM) of the members of the Company is scheduled to be held on Tuesday, July 30th, 2019 at 02:00 P.M. at the Lake Side Hall, Bolgatty Palace & Island Resort KTDC Ltd. Mulavukad, P.O. Kochi-682504 to transact the businesses, as set out in the Notice of AGM dated June 5th 2019.

The Notice of AGM along with Annual Report for the financial year 2018-19 has been sent to the members to their registered address by post/courier, and electronically to those members who have registered their email address with depositories/Company, unless any member has requested for a hard copy of the same. The AGM Notice and Annual Report 2018-19 are also available on the Company's website www.ptlenterprise.com and the website of National Securities Depository Limited (NSDL) viz. www.evoting.nsdl.com. The AGM Notice and Annual Report 2018-19 are also available for inspection at the Registered Office of the Company on all working days during business hours up to the date of Meeting.

The members may cast their votes using an electronic voting system from a place other than the venue of the meeting ("remote e-voting"). The remote e-voting facility commences on July 27, 2019 (10:00 am) and ends on July 29, 2019 (5:00 pm). Remote e-voting shall not be allowed beyond the said date and time. During this period, the persons whose name are recorded in the register of members or in the register of beneficial owners maintained by the depositories as on the cut- off date of July 23, 2019, shall be entitled to avail the facility of remote e- voting as well as voting through polling paper in the Annual General Meeting. The e-voting module shall be disabled by NSDL for voting thereafter. Once the vote on a resolution is cast by the member, he shall not be allowed to change it subsequently.

The members who have cast their vote by remote e-voting may attend and participate in the General Meeting but shall not be entitled to vote in the meeting. Any person who have acquired shares and becomes the member of the Company after dispatch of AGM Notice and is holding shares as on the cut-off date i.e July 23, 2019, may obtain the login ID and password by sending a request at evoting@nsdl.co.in and then cast his vote accordingly, However if a person is already registered with NSDL for e-voting then the existing user ID and password can be used for casting vote.

In case of any grievance connected with the facility for voting by electronic means, members can directly contact Ms. Pallavi Mhatra, Assistant Manager, NSDL, 4th Floor, 'A' Wing, Trade World, Kamala Mills Compound, Senapati Bapat Marg, Lower Parel, Mumbai- 400 013. Email: evoting@nsdl.co.in or pallavid@nsdl.co.in, Tele phone no.(s)- 022-24994545 or Toll free - 1800-222-990. Members may also write to the Company Secretary at the email ID: investor@ptlenterprise.com.

Notice is also hereby given that pursuant to section 91 of the Companies Act, 2013 and Regulation 42 of SEBI (Listing Obligations & Disclosure Requirements) Regulations, 2015, the Register of Members and the Share Transfer books of the Company will remain closed from July 19, 2019 (Friday) to July 30, 2019 (Tuesday) (both days inclusive) for the purpose of payment of dividend on equity shares and AGM. Dividend, if declared at the meeting will be payable to those whose names appear in the register of members/beneficial owners at the close of business hours on 18th July, 2019.

For PTL Enterprises Ltd.
Sd/-
Pradeep Kumar
Company Secretary

Date : 4th July, 2019
Place: Gurugram

Published on 5th July, 2019, Friday in Business Standard newspaper. and in mangalam newspaper in malayalam lang.

പാലാരിവട്ടം മേൽപ്പാലം: ലീഗ് നിലപാട് വ്യക്തമാക്കണമെന്ന്

കൊച്ചി: പാലാരിവട്ടം മേൽപ്പാല നിർമാണത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട് ആരോപണ വിധേയനായ മുൻ മന്ത്രി ഇബ്രാഹിംകുഞ്ഞിനെതിരേ മുസ്ലിംലീഗ് നേതൃത്വം എന്ത് നിലപാട് സ്വീകരിക്കുമെന്ന് കേരളീയ സമൂഹം ഉറ്റുനോക്കുകയാണെന്ന് സി.പി.എം. ജില്ലാ സെക്രട്ടേറിയറ്റംഗം പി.ആർ. മുരളീധരൻ പറഞ്ഞു. അഴിമതിക്കാർക്കെതിരേ കർശന നിലപാട് സ്വീകരിക്കുന്ന മുന്നണിയാണ് ഇടതുപക്ഷത്തിന്റേത്. എന്നാൽ യു.ഡി.എഫ്. എല്ലാ കാലത്തും അഴിമതിക്കാരെ സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. പാലാരിവട്ടം മേൽപ്പാലം നിർമാണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇബ്രാഹിംകുഞ്ഞിനെതിരായ ആരോപണം കേരളത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള മറ്റ് കുറ്റകൃത്യങ്ങളെ അപേക്ഷിച്ച് കൂടുതൽ ഗൗരവമുള്ളതാണ്. ഇക്കാര്യത്തിൽ മുസ്ലിംലീഗ് നേതൃത്വം നിലപാട് സ്വീകരിച്ചില്ലെങ്കിൽ മറ്റ് കക്ഷികൾ നിലപാട് വ്യക്തമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

പാലാരിവട്ടം മേൽപ്പാലം അഴിമതിക്ക് ഉത്തരവാദിയായ ഇബ്രാഹിംകുഞ്ഞ് എം.എൽ.എ. സ്ഥാനം രാജിവയ്ക്കുക, അഴിമതിക്ക് കാരണക്കാരായ മുഴുവൻ ഉദ്യോഗസ്ഥരെയും നിയമത്തിനുമുന്നിൽ കൊണ്ടുവരിക എന്നീ ആവശ്യങ്ങളുന്നയിച്ച് പാലാരിവട്ടത്ത് ആരംഭിച്ച അനിശ്ചിതകാല സത്യഗ്രഹത്തിന്റെ ഒൻപതാം ദിവസത്തെ സമരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ കെ.ടി. സാജൻ അധ്യക്ഷത വഹിച്ചു. സി.പി.എം. ജില്ലാ സെക്രട്ടറി സി.എൻ. മോഹനൻ, സംസ്ഥാന കമ്മിറ്റിയംഗം സി.എം. ദിനേശ്മണി, കോൺഗ്രസ് (എസ്) ജില്ലാ പ്രസിഡന്റ് ബി.എ. അഷറഫ്, ജനതാദൾ (എസ്) ജില്ലാ സെക്രട്ടറി കുമ്പളം രവി തുടങ്ങിയവർ പ്രസംഗിച്ചു.

ജോർജ് കുന്നപ്പിള്ളി പുരസ്കാരം ഇയ്യച്ചേരിക്കും പത്മിനിക്കും


● കുഞ്ഞികൃഷ്ണൻ


● പത്മിനി ടീച്ചർ

മൂവാറ്റുപുഴ: ജോർജ് കുന്നപ്പിള്ളി സ്മാരക പുരസ്കാരത്തിന് ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ മാസ്റ്ററും ഭാര്യ പത്മിനി ടീച്ചറും അർഹരായി. ലഹരിവിരുദ്ധ പ്രവർത്തനം മുൻനിർത്തിയാണ് അവാർഡിന് തെരഞ്ഞെടുത്തത്. മൂവാറ്റുപുഴ നിർമല ആർട്സ് സൊസൈറ്റി (നാസ്) സമൂഹത്തിന് മാതൃകയായ വ്യക്തികളെ ആദരിക്കുന്നതിനാണ് കുന്നപ്പിള്ളി പുരസ്കാരം ഏർപ്പെടുത്തിയത്. 15001 രൂപയും മൊമന്റോയും അടങ്ങുന്നതാണ് പുരസ്കാരം. എട്ടിന് ഉച്ചകഴിഞ്ഞ് 2ന് മൂവാറ്റുപുഴ നിർമല ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന ജോർജ് കുന്നപ്പിള്ളി അനുസ്മരണ സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോളി കുര്യാക്കോസ് പുരസ്കാരം സമ്മാനിക്കും. ഡോ. വിൻസന്റ് മാളിയേക്കൽ, ഒ.എ. ഐസക്, ഫാ. ഡോ. ആന്റണി പുത്തൻകുളം, വി. അരവിന്ദൻ എന്നിവർ പ്രസംഗിക്കും.

കാരുണ്യ നിർത്തലാക്കിയത് കരുണയില്ലാത്ത നടപടിയെന്ന്

കൊച്ചി: യു.ഡി.എഫ് സർക്കാർ നടപ്പിലാക്കിയ കാരുണ്യ ചികിത്സാ സഹായ പദ്ധതി ഇടത് സർക്കാർ നിർത്തലാക്കിയതിൽ പ്രതിഷേധിച്ച് ഓൾ ഇന്ത്യ അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് കോൺഗ്രസ് (എ.ഐ.യു.ഡബ്ല്യു.സി) ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ ലോട്ടറി ഓഫീസിന് മുമ്പിൽ ധർണ നടത്തി. മുൻ മന്ത്രി കെ. ബാബു ധർണ ഉദ്ഘാടനം ചെയ്തു. തൊഴിലാളികളോടും ജനങ്ങളോടുമുള്ള കരുണയില്ലാത്ത നടപടിയാണ് കാരുണ്യ പദ്ധതി നിർത്തലാക്കിയതിലൂടെ സർക്കാർ ചെയ്തതെന്ന് കെ.ബാബു പറഞ്ഞു. രോഗംമൂലം വലയുന്ന പാവപ്പെട്ട ഒട്ടനവധി ആളുകൾക്ക് വലിയ സഹായമായിരുന്നു ഈ പദ്ധതിയെന്നും എത്രയും വേഗം കാരുണ്യ സഹായ പദ്ധതി വീണ്ടും നടപ്പാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡന്റ് കെ.എക്സ്. സേവ്യർ അധ്യക്ഷത വഹിച്ചു. മുൻ മന്ത്രി ഡൊമിനിക് പ്രസന്റേഷൻ, കെ.കെ. ജിന്നാസ്, സംസ്ഥാന ഭാരവാഹികളായ റഷീദ് താനത്ത്, പി.വി. എൽദോസ്, ഷീല രാമചന്ദ്രൻ, ഹെൻട്രി ഹോസ്റ്റിൻ, തമ്പി അമ്പലത്തിങ്കൽ, ജെയിംസ് അധികാരം, കെ.എസ് . ഷാജി, സഹൽ വലിയവീടൻ, ഷൈജു പറമ്പി, കൊച്ചാപ്പു പുളിക്കൽ, ഡെന്നീസ് ആന്റണി, വി.ജെ. ഷൈലി, പി.എ. ജമാൽ, എം.പി. ജോർജ്, എം.എം.ഹാരിസ്, ബിജു വട്ടത്തിപാടം, സക്കറിയ കട്ടിക്കാരൻ, സക്കീർ തമ്മനം, മിനി മുഹമ്മദ്, ആർ.സന്തോഷ് എന്നിവർ പ്രസംഗിച്ചു.


● കാരുണ്യ ചികിൽസാ സഹായ പദ്ധതി ഇടത് സർക്കാർ നിർത്തലാക്കിയതിൽ പ്രതിഷേധിച്ച് ഓൾ ഇന്ത്യാ അൺ ഓർഗനൈസിഡ് വർക്കേഴ്സ് കോൺഗ്രസിന്റെ നേതൃത്വത്തിൽ ജില്ലാ ലോട്ടറി ഓഫീസിനു മുന്നിൽ നടത്തിയ ധർണ മുൻ മന്ത്രി കെ. ബാബു ഉദ്ഘാടനം ചെയ്യുന്നു – മംഗളം

ഹോട്ടലുകളിൽ തുറന്നുവച്ച നിലയിൽ ഭക്ഷ്യവസ്തുക്കൾ!

മരടിൽ ഉറക്കം നടിച്ച് ആരോഗ്യ വിഭാഗം

വൈറ്റില: നഗരസഭാ പ്രദേശങ്ങളിലുള്ള ഭക്ഷണശാലകളിൽ പലതിലും ഭക്ഷണ വസ്തുക്കൾ തുറന്നുവച്ച് പ്രദർശിപ്പിക്കുന്ന നിലയിൽ. അലമാരിയിൽ പൊടിയും ഈച്ച പൊതിയുന്ന നിലയിലാണ് യാതൊരു വൃത്തിയുമില്ലാതെ ഭക്ഷണ വസ്തുക്കൾ പ്രദർശിപ്പിച്ചിട്ടുള്ളത്. ആരോഗ്യ വകുപ്പിന്റെ പതിവ് പരിശോധനകൾ നിലച്ചതോടെ കിട്ടുന്നത് ഭക്ഷിക്കേണ്ട അവസ്ഥയായെന്നാണ് പൊതുജനങ്ങളുടെ ആക്ഷേപം. സമീപ പ്രദേശങ്ങളിൽ ആരോഗ്യ വകുപ്പിന്റെ പരിശോധനകൾ നടക്കുന്നുണ്ടെങ്കിലും മരട് നഗരസഭ പരിധിയിൽ പരാതി നൽകിയാൽ പോലും ഹെൽത്ത് വിഭാഗം കൃത്യമായ പരിശോധനയ്ക്ക് തയാറാകുന്നില്ലെന്നാണ് ആക്ഷേപമുയർന്നിട്ടുള്ളത്.

പനങ്ങാട് ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കടയിൽ നിന്നും പഴകിയ പഫ്സ് വാങ്ങി കഴിച്ച ആറു വയസുകാരൻ ഛർദിച്ചതിനെ തുടർന്നുണ്ടായ നാട്ടുകാരുടെ പ്രതിഷേധത്തിൽ കട നാട്ടുകാർ പൂട്ടിച്ച സംഭവം നടന്നത് ഒരു മാസം മുൻപാണ്. പനങ്ങാട് തെക്ക് ഗുരുമന്ദിരത്തിന് സമീപമുള്ള പലഹാരം നിർമിച്ച് വിതരണം നടത്തുന്ന കടയിലാണ് ദിവസങ്ങൾ പഴക്കമുള്ള പഫ്സ് ഓവനിൽ വച്ച് ചൂടാക്കി കുട്ടിക്ക് നൽകിയത്. പഫ്സ് കഴിച്ച കുട്ടി ഛർദിച്ചതിനെ തുടർന്നു നടത്തിയ പരിശോധനയിലാണ് പഫ്സ് പഴയതാണെന്ന് മനസിലായത്.

ഇടവിട്ടുള്ള പരിശോധനയ്ക്ക് മെനക്കെടാതെ, പരാതിപ്പെട്ടാൽ മാത്രം പരിശോധനയ്ക്കായി ഓഫീസിൽ നിന്ന് പുറത്തിറങ്ങുന്ന രീതിയിലാണ് മരട് നഗരസഭ ആരോഗ്യ വിഭാഗത്തിന്റെ പ്രവർത്തനമെന്ന് പൊതുപ്രവർത്തകനായ നെട്ടൂർ സ്വദേശി എം.കെ. സുരേഷ് കുമാർ ചൂണ്ടിക്കാട്ടി.

പല പ്രാവശ്യം ഉപയോഗിച്ച എണ്ണ തന്നെ വീണ്ടും ഉപയോഗിക്കുക, ബാക്കി വന്ന ഭക്ഷണ വസ്തുക്കൾ ദിവസങ്ങൾ കഴിഞ്ഞും കൃത്രിമങ്ങൾ കാട്ടി വീണ്ടും ചൂടാക്കി വിളമ്പുക, പലഹാരങ്ങളും മറ്റും തുറന്നുവയ്ക്കുക, വൃത്തിഹീനമായ അടുക്കളയും ഭക്ഷണം തയാറാക്കി സൂക്ഷിക്കുന്ന സ്ഥലവും എന്നിങ്ങനെ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കടകളും, രാത്രി സമയങ്ങളിൽ മാത്രം പ്രവർത്തിക്കുന്ന തട്ട് കടകളും കൃത്യമായി പരിശോധിക്കാത്തതിനാൽ ഇതിന്റെ തിക്തഫലം അനുഭവിക്കേണ്ടി വരുന്നത് വില കുറഞ്ഞ ഭക്ഷണം തേടി പോകുന്ന സാധാരണക്കാരാണ്.

പഴംപൊരി പഴകിയ ശേഷം പുറത്തെ മാവ് കളഞ്ഞ് വീണ്ടും മാവിൽ പൊരിച്ച് നൽകിയ സംഭവം അടുത്തിടെ ആരോഗ്യ വകുപ്പിന്റെ പരിശോധനയ്ക്കിടയിൽ കണ്ടെത്തുകയുണ്ടായി. ട്രോളിങ് മൂലം വിപണിയിൽ മത്സ്യവില കുതിച്ചുയർന്നതോടെ ഫ്രീസറിൽ ദിവസങ്ങളോളം സൂക്ഷിച്ച ശേഷം പഴയത് തന്നെ ചൂടാക്കി വീണ്ടും വിളമ്പുന്ന പരിപാടികളും ഇവിടെ നടക്കുന്നുണ്ട്. വെളിച്ചെണ്ണ വിലയും വർധിച്ചതോടെ വില കുറഞ്ഞ മായം ചേർത്ത എണ്ണയാണ് പലരും ഉപയോഗിക്കുന്നതെന്ന ആക്ഷേപവും ഉയരുന്നുണ്ട്. മാസങ്ങൾക്ക് മുമ്പ് മരട് പ്രദേശത്തെ വിവിധ ഹോട്ടലുകളിൽ നിന്ന് പഴകിയ ഭക്ഷണ സാധനങ്ങൾ നഗരസഭ ആരോഗ്യ വിഭാഗം പിടിച്ചെടുത്തിരുന്നു. ശോചനീയമായ ഭക്ഷണങ്ങൾ വിളമ്പിയ സ്ഥാപനങ്ങളുടെ പേര് വെളിപ്പെടുത്തുവാൻ തയാറാകാതെ നഗരസഭ ഉദ്യോഗസ്ഥർ ഉരുണ്ടുകളിച്ച സംഭവം നാട്ടുകാർ തന്നെ ചൂണ്ടിക്കാട്ടുന്നുണ്ട്.

ആരോഗ്യ വകുപ്പ് ഉണർന്ന് പ്രവർത്തിച്ചില്ലെങ്കിൽ പ്രശ്നം ഗുരുതരമായി മാറുമെന്നാണ് പൊതുജനം അഭിപ്രായപ്പെടുന്നത്.


● നെട്ടൂരിലെ ഒരു ഭക്ഷണശാലയിൽ ഭക്ഷ്യവസ്തുക്കൾ തുറന്നുവച്ച നിലയിൽ.

സഹകരണ ബാങ്കിൽനിന്നു സ്വർണവും പണവും കാണാതായ സംഭവം

താൽക്കാലിക ജീവനക്കാരൻ പിടിയിൽ

● **തട്ടിപ്പ് നടത്തിയത് ലോട്ടറി വാങ്ങാൻ പണം കണ്ടെത്താൻ**

തൃപ്പൂണിത്തുറ: പൂണിത്തുറ സർവീസ് സഹകരണ ബാങ്കിൽ നിന്നും സ്വർണവും പണവും കാണാതായ സംഭവത്തിൽ കാഷ്യറുടെ ചുമതലയുണ്ടായിരുന്ന താൽക്കാലിക ജീവനക്കാരൻ അറസ്റ്റിൽ.

ബാങ്ക് സെക്രട്ടറിയും പ്രസിഡന്റും നൽകിയ പരാതിയിലാണ് മരട് പോലീസ് ബാങ്കിലെ താൽക്കാലിക ജീവനക്കാരൻ എരൂർ വെസ്റ്റ് ശശി നിവാസിൽ വി.എസ്. വിനോദ്കുമാറിനെ (38) അറസ്റ്റ്ചെയ്തത്. 32 പവൻ സ്വർണവും പത്ത് ലക്ഷത്തി എൺപത്തിയൊമ്പതിനായിരം രൂപയുമാണ് വിനോദ് തിരിമറി നടത്തിയത്. നിത്യേന നിരവധി ലോട്ടറി വാങ്ങുമായിരുന്ന വിനോദ് അതിനുവേണ്ടിയാണ് പണവും സ്വർണവും തിരിമറി നടത്തിയതെന്ന് പോലീസിനോട് സമ്മതിച്ചു.

ലോട്ടറി അടിച്ചു കിട്ടുന്ന തുക ഇയാൾ ആർഭാട ജീവിതത്തിന് വേണ്ടി വിനിയോഗിക്കുകയായിരുന്നു. ബാങ്ക് ലോക്കറിൽ ഏഴ് കിറ്റുകളിലായി സൂക്ഷിച്ചിരുന്ന 32 പവൻ പണയ ഉരുപ്പടികളും അലമാരയിൽ സൂക്ഷിച്ചിരുന്ന രണ്ടായിരം രൂപയുടെ കെട്ടുകളിൽ നിന്നും ഊരി മാറ്റിയ പത്ത് ലക്ഷത്തി എൺപത്തിഒമ്പതിനായിരം രൂപയും വളരെ വിദഗ്ധമായാണ് ഇയാൾ എടുത്തുമാറ്റിയത്.

നോട്ടു കെട്ടുകളിൽ നിന്നും ഊരിയെടുക്കുന്ന രണ്ടായിരത്തിന്റെ നോട്ടിനു പകരം അമ്പതിന്റെയും പത്തിന്റെയും നോട്ടുകൾ തിരുകി വയ്ക്കും. മെഷീനിൽ എണ്ണുമ്പോൾ കൃത്യം എണ്ണം കാണിക്കുകയും ചെയ്യും. ഇതായിരുന്നു രീതി.

സ്ഥിരം കാഷ്യർ കഴിഞ്ഞ മാർച്ച് മാസം മുതൽ ലീവിലായിരുന്നു. തുടർന്നാണ് താൽക്കാലിക ജീവനക്കാരനായ വിനോദിനെ കാഷ്യർ സ്ഥാനത്ത് ഇരുത്തിയത്. കഴിഞ്ഞ ദിവസം പണയം വച്ച സ്വർണം തിരികെയെടുക്കുവാൻ ഒരു സഹകാരി എത്തിയപ്പോൾ വിനോദ് സഹകാരിയോട് അടുത്ത ദിവസം വരാൻ പറഞ്ഞു.

ഇതിനെ തുടർന്ന് സംശയം തോന്നിയ ബാങ്ക് സെക്രട്ടറിയും പ്രസിഡന്റും ചേർന്ന് ലോക്കർപരിശോധിച്ചപ്പോഴാണ് സ്വർണവും പണവും നഷ്ടപ്പെട്ടതായി മനസിലായത്. തുടർന്ന് മരട് പോലീസിൽ വിനോദ് കുമാറിനെ സംശയമുള്ളതായി കാണിച്ച് പരാതി നൽകുകയായിരുന്നു.

മരട് സി.ഐ സി. വിനോദിന്റെ നേതൃത്വത്തിൽ പ്രതിയെ ചോദ്യം ചെയ്തപ്പോൾ ഇയാൾ എല്ലാം സമ്മതിച്ചു. അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം കോടതിയിൽ ഹാജരാക്കി വിനോദിനെ റിമാൻഡ് ചെയ്തു.

ആശങ്കവേണ്ട: ബാങ്ക് പ്രസിഡന്റ്

തൃപ്പൂണിത്തുറ: പൂണിത്തുറ സർവീസ് സഹകരണ ബാങ്കിൽ താൽക്കാലിക ജീവനക്കാരൻ നടത്തിയ തട്ടിപ്പ് വെളിവായ സംഭവത്തിൽ സഹകാരികൾ ആരും ആശങ്കപ്പെടേണ്ടതില്ലെന്ന് ബാങ്ക് പ്രസിഡന്റ് അറിയിച്ചു. ആരുടേയും സ്വർണവും പണവും നഷ്ടപ്പെടില്ല.

ലോക്കറിൽ 7 കിറ്റുകളിലായി സൂക്ഷിച്ചിരുന്ന 4 പേരുടെ സ്വർണത്തിൽ മാത്രമാണ് പ്രതി തിരിമറി നടത്തിയത്. തട്ടിപ്പ് നടത്തിയ സ്വർണം സമീപത്തെ ചില ബാങ്കുകളിൽ ഇയാൾ പണയം വച്ചതായി കണ്ടെത്തിയിട്ടുണ്ട്.

കേസ് അന്വേഷണത്തിന്റെ ഭാഗമായി പോലീസ് വീണ്ടെടുക്കുന്ന സ്വർണം കാലതാമസം കൂടാതെ തന്നെ സഹകാരികൾക്കു കൈമാറും. നഷ്ടപ്പെട്ട 10,89,416 രൂപ പ്രതിയുടെ സ്വത്തുവകകൾ കണ്ടുകെട്ടി ഈടാക്കുമെന്നും ബാങ്ക് പ്രസിഡന്റ് അറിയിച്ചു.

വീട്ടമ്മയുടെ കൊലപാതകം: പ്രതിയുമായി തെളിവെടുപ്പ് നടത്തി

കോതമംഗലം: വീട്ടമ്മയുടെ കൊലപാതകം പ്രതിയുമായി പോലീസ് തെളിവെടുപ്പ് നടത്തി. വടാട്ടുപാറയിൽ വീട്ടമ്മ കഴുത്തറത്ത് കൊല ചെയ്യപ്പെട്ട കേസിൽ പ്രതി കരുവള്ളിൽ കുഞ്ഞുമുഹമ്മദി(63) നെ സംഭവം നടന്ന റബർ തോട്ടത്തിൽ എത്തിച്ച് പോലീസ് തെളിവെടുപ്പ് നടത്തി.

കൊല്ലപ്പെട്ട വീട്ടമ്മയുടെ റബർ തോട്ടത്തിലെ ടാപ്പിംഗ് തൊഴിലാളിയാണ് പ്രതിയായ കുഞ്ഞുമുഹമ്മദ്. ബുധനാഴ്ച രാവിലെ പത്ത് മണിയോടെയാണ് സംഭവം. റബർതോട്ടത്തിൽ പാലെടുക്കുകയായിരുന്ന വീട്ടമ്മയെ പ്രതി കടന്നുപിടിച്ചപ്പോൾ വീട്ടമ്മ എതിർത്തതാണ് കൊലക്ക് കാരണമെന്ന് പ്രതി ചോദ്യം ചെയ്യലിൽ സമ്മതിച്ചു.

ഇതോടെ പ്രതിയുടെ പക്കലുണ്ടായിരുന്ന കത്തിയുപയോഗിച്ച് വീട്ടമ്മയുടെ കഴുത്തിൽ പലതവണ കുത്തുകയായിരുന്നു. കൃത്യത്തിനു ശേഷം കടന്നു കളഞ്ഞ പ്രതിയെ കീരംപാറയിൽ വച്ചാണ് പോലീസ് പിടികൂടിയത്. കോതമംഗലം പോലീസ് ഇൻസ്പെക്ടർ യൂനസ്, കുട്ടമ്പുഴ എസ്.ഐ ശശികുമാർ എന്നിവരുടെ നേതൃത്വത്തിൽ പോലീസ് പ്രതിയെ സംഭവസ്ഥലത്ത് എത്തിച്ച് തെളിവെടുപ്പ് നടത്തി.

കൊലപ്പെടുത്തിയ സ്ഥലവും രീതികളും പ്രതി പോലീസിന് കാണിച്ചുകൊടുത്തു. ആളൊഴിഞ്ഞ സ്ഥലത്തിലൂടെ നടന്ന് പുറകുവശത്തുകൂടിയാണ് തോട്ടത്തിൽ കടന്നത്. ഈ വഴിയും പ്രതി പോലീസിന് കാണിച്ചു കൊടുത്തു. കൊലക്ക് ഉപയോഗിച്ച കത്തി പ്രതിയിൽ നിന്ന് കണ്ടെടുത്തിട്ടുണ്ടെന്ന് പോലീസ് പറഞ്ഞു. പ്രതിയെ കോടതിയിൽ ഹാജരാക്കി.


● വടാട്ടുപാറയിൽ വീട്ടമ്മ കഴുത്തറത്ത് കൊല ചെയ്യപ്പെട്ട കേസിലെ പ്രതി കരുവള്ളിൽ കുഞ്ഞുമുഹമ്മദിനെ സംഭവം നടന്ന റബർ തോട്ടത്തിലെത്തിച്ച് തെളിവെടുപ്പ് നടത്തുന്നു.

അക്വാകൾച്ചർ ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷിക്കാം

കൊച്ചി: കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല (കുഫോസ്) ഒരു വർഷത്തെ ബ്രാക്കിഷ് വാട്ടർ ആന്റ് മറൈൻ അക്വാകൾച്ചർ ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു (ബയോളജി)/ വി.എച്ച്.എസ്.സിയാണ് അടിസ്ഥാന യോഗ്യത. അപേക്ഷകർ കുഫോസ് വെബ് സൈറ്റിൽ (www.kufos.ac.in) ലഭ്യമായ അപേക്ഷ ഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് നിർദിഷ്ട സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികളും അപേക്ഷ ഫീസ് ഒടുക്കിയ ചെലാനും സഹിതം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കണം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 31. വിലാസം –രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട് പി.ഒ, കൊച്ചി–682506. കൂടുതൽ വിവരങ്ങൾക്ക് ഫോൺ– 0484 2701085, 2703782.

ഡി.സി.സി. ജനകീയ പ്രതിഷേധ കൂട്ടായ്മ ഇന്ന്

കൊച്ചി: വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് ജനകീയ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കും.

പ്രവാസി വ്യവസായി ആത്മഹത്യ ചെയ്ത സംഭവത്തിൽ ആന്തൂർ മുൻസിപ്പൽ ചെയർപേഴ്സൺ ശ്യാമളക്കെതരേ ആത്മഹത്യാപ്രേരണാകുറ്റം ചുമത്തുക, ഉരുട്ടിക്കൊലക്കേസിൽ ജുഡീഷ്യൽ അന്വേഷണം നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കുന്നത്.

രാവിലെ 10ന് മേനക ജംഗ്ഷനിലാണ് കൂട്ടായ്മ സംഘടിപ്പിച്ചിരിക്കുന്നത്.

മുളന്തുരുത്തി ഗവ. ഹൈസ്കൂളിൽ മംഗളം അക്ഷരജ്യോതി

മുളന്തുരുത്തി: കുട്ടികളിൽ വയനാശീലവും അറിവും പകരുന്നതിനായി മംഗളം ദിനപത്രം സ്കൂളുകൾ തോറും ആവിഷ്കരിച്ച് നടപ്പാക്കുന്ന അക്ഷരജ്യോതി പദ്ധതി മുളന്തുരുത്തി ഗവ. ഹൈസ്കൂളിൽ തുടങ്ങി. മർച്ചന്റ്സ് അസോസിയേഷനാണ് പദ്ധതിയുടെ സ്പോൺസർ.

സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ മർച്ചന്റ് അസോസിയേഷൻ പ്രസിഡന്റ് കെ.സി. ജോഷി, ട്രഷറർ സിജു കെ.ഡി എന്നിവർ ചേർന്ന് വിദ്യാർഥികൾക്ക് പത്രം കൈമാറി പദ്ധതി ഉദ്ഘാടനം ചെയ്തു. സീനിയർ അസിസ്റ്റന്റ് ബീന വി.വർഗീസ്, ഗോഡ്സേ കുര്യാക്കോസ് മംഗളം ദിനപത്രം പ്രതിനിധികളായ വി.കെ. ഷൈജു, ബിനു വെളിയനാട്, സുഭാഷ് ആരക്കുന്നം തുടങ്ങിയവർ സംബന്ധിച്ചു.


● മുളന്തുരുത്തി ഗവ. ഹൈസ്കൂളിൽ അക്ഷരജ്യോതി പദ്ധതി ഉദ്ഘാടനം വിദ്യാർഥികൾക്ക് മംഗളം ദിനപത്രം നൽകി മർച്ചൻസ് അസോസിയേഷൻ പ്രസിഡന്റ് കെ.സി ജോഷി, ട്രഷറർ സിജു കെ.ഡി എന്നിവർ ചേർന്ന് നിർവഹിക്കുന്നു.